പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം

നംപർ. 44 — 27/9/2011 ൽ മറുപടിയ്ക്ക്

## വൃദ്ധജനക്ഷേമം

ചോദ്യം — ഉത്തരം

ഡോ. കെ.ടി.ജലീൽ:
ശ്രീ. എം. ഹംസ:
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):

ഡോ. എം.കെ. മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

| | |
|---|---|
| (എ) . കേരളത്തിൽ വൃദ്ധജനങ്ങളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ). കേരളത്തിൽ വൃദ്ധജനങ്ങളുടെ എണ്ണം സ്ഥിതിവിവര കണക്കുകളിൽ നിന്നും ഓരോ വർഷവും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി). വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; | ബി).വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെപ്പറയുന്നവയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>വൃദ്ധജനങ്ങളിൽ പ്രായാധിക്യമുള്ളവർ, വിധവകൾ, വികലാംഗർ തുടങ്ങിയവരുടെ സുരക്ഷ ഉറപ്പാക്കൽ, വൃദ്ധരെ പരിപാലിക്കുന്ന സ്ഥാപനങ്ങൾ കാര്യക്ഷമമാക്കൽ, സീനിയർ സിറ്റിസൻസ് ആക്റ്റിൽ നിഷ്ക്കർഷിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വയ്ക്കുന്ന ഫണ്ട് ഫലപ്രദമായ രീതിയിൽ ചെലവഴിക്കുന്നത് ഉറപ്പാക്കൽ , ഡിമൻഷ്യ അൽഷിമേഴ്സ് രോഗം ബാധിച്ചവരുടെ ചികിത്സാപദ്ധതി ആരംഭിയ്ക്കുക, പാലിയേറ്റിംഗ് കെയർ ജെറിയാട്രിക് കെയർ സംയോജിപ്പിച്ചു കൊണ്ടുള്ള പദ്ധതിയും |

| | |
|---|---|
| | പോഷകാഹാരവും, വയോധികരുടെ മാനസിക ശാരീരികോല്ലാസങ്ങൾക്കുള്ള പരിപാടിയുംനടപ്പാക്കുക, റെയിൽവേ സ്റ്റേഷനുകളിൽ എസ്കലേറ്റർ സംവിധാനം ഉറപ്പാക്കൽ എന്നിവ |
| (സി). വൃദ്ധ ജനങ്ങൾ ഇന്നനുഭവിക്കുന്ന പ്രമുഖ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സി). മക്കളിൽ നിന്നും സംരക്ഷണം ലഭിക്കാത്തതും സ്വത്ത് സംബന്ധിച്ച തർക്കങ്ങളും വൃദ്ധജനങ്ങൾ ഇന്ന് അനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്. അനാരോഗ്യം, രോഗപീഢ, സാമ്പത്തിക സുരക്ഷിതത്വമില്ലായ്മ ഒറ്റപ്പെടൽ അശരണത്വം, പോഷകാഹാരക്കുറവ്, ഓർമ്മക്കുറവ്, മറവിരോഗങ്ങൾ, ചലനശേഷിക്കുറവ്, വിഷാദരോഗം എന്നിങ്ങനെ വിവിധ പ്രശ്നങ്ങൾ നേരിടുന്നു. |

R. Vijayalakshmi

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ശ്രദ്ധയും പരിചരണവും ആവശ്യമായ വയോജനങ്ങൾക്ക്, 80 വയസ്സിനു മുകളിൽ പ്രായമുള്ളവർ, വിധവകൾ, അവിവാഹിതരായ 60 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾ, വിലാംഗർ, ദുർബലർ, അനാഥർ, വീട്ടിൽ തനിച്ചു താമസിക്കു ന്നവർ, കടുത്ത മാരക രോഗബാധിതർ എന്നീ വിഭാഗങ്ങളിൽ പ്പെടുന്നവരുടെ സുരക്ഷയ്ക്കു വേണ്ടിയുള്ള ക്രിയാത്മകമായ പ്രവർത്ത നങ്ങളും പരിപാടികളും നടപ്പാക്കാ നുദ്ദേശിക്കുന്നു.

2. സംസ്ഥാനത്തെ വയോജനങ്ങൾക്ക് സ്ഥാപനപരമായ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന പ്രത്യേക ആവശ്യം പരിഗണിച്ച് വൃദ്ധരെ പരിപാലിക്കുന്ന സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഉദ്ദേശിക്കുന്നു

3. 2007 ലെ മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സിനിയർ സിറ്റിസൻസ് ആക്ടിൽ നിഷ് ക്കർഷിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

4. വയോജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നീക്കി വയ്ക്കേണ്ട ഫണ്ട് പ്രസ്തുത പദ്ധതിയുടെ ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നു എന്ന് ഉറപ്പുവരുത്തും

5. ഡിമൻഷ്യ, അൾഷിമേഴ്സ് രോഗങ്ങൾ ബാധിച്ചവരുടെ ചികിൽസയ്ക്കും പരിപാല നത്തിനും വേണ്ടിയുള്ള പദ്ധതികൾ ആവിഷ് ക്കരിക്കും

6. പാലിയേറ്റീവ് കെയർ ജറിയാട്രിക് കെയറുമായി ബന്ധിപ്പിച്ചുള്ള പരിപാടികൾ നടപ്പാക്കും. ഈ പരിപാടി കാര്യക്ഷമമായി നടപ്പാക്കുന്നതിന് പ്രാഥമിക പരിശോധന കേന്ദ്രങ്ങളുമായി സംയോജിപ്പിക്കും

7. വയോജനങ്ങൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കും

8. വയോജനങ്ങളെ പരിചരിക്കുന്നവർക്ക് ആവശ്യമായ പരിശീലനം നൽകും

9. വയോജനങ്ങളുടെ അറിവും അനുഭവവും യുവാക്കൾക്കും കുട്ടികൾക്കുമായി പങ്കു വയ്ക്കുന്നതിനുള്ള വേദികൾ ഒരുക്കും

10. വയോജനങ്ങൾക്ക് വിനോദത്തിനും മാനസികോല്ലാസത്തിനുമുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യും

11. വയോജനങ്ങളുടെ ആശങ്കകളും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും തങ്ങൾക്കുവേണ്ടി സർക്കാർ ആവിഷ് ക്കരിച്ചിട്ടുള്ള പദ്ധതികൾ വിലയിരുത്തു ന്നതിനും പ്രതികരിക്കുന്നതിനുമുള്ള വയോജനവേദികൾ രൂപീകരിക്കും

12. സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ വയോജനങ്ങൾക്ക് സുഗമമായി യാത്ര ചെയ്ത് പ്ലാറ്റ്ഫോമിൽ എത്തി ട്രെയിനിൽ കയറുന്നതിന് എസ്കലേറ്റർ സമ്പ്രദായം ഏർപ്പെടുത്താൻ റെയിൽവേ അധികൃതർക്ക് ശുപാർശ നൽകും.

13. പുതിയ ഉൾക്കാഴ്ച ലഭിക്കുന്നതിനും നിലവിലുള്ള പരിപാടികൾ വിലയിരുത്തു ന്നതിനും പുതിയതും വികസന സാധ്യത യുള്ളതുമായ പ്രവർത്തനമേഖലകൾ കണ്ടെത്തുന്നതിനുംവേണ്ടി വൃദ്ധരെ സംബന്ധിച്ച വിഷയങ്ങളിൽ കൂടുതൽ ഗവേഷണം നടത്തും

R. Vijayan

സെക്ഷൻ ഓഫീസർ